# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2284
12-06-2018-ലെ മറുപടിയ്ക്ക്

### നവകേരളനിധി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്തെ വിവിധ മിഷനുകളെ ഏകോപിപ്പിക്കുന്നതിന് നവകേരള നിധി എന്ന പേരിൽ ഒരു പൊതുഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഈ ഫണ്ട് ഏത് രീതിയിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സർക്കാരിന്റെ വിവിധ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി നവകേരളനിധി എന്ന പേരിൽ ഒരു പൊതുഫണ്ട് 17.03.2018 ലെ ജി.ഒ (പി) നം.39/2018/ധന നമ്പർ ഉത്തരവ് പ്രകാരം രൂപവൽക്കരിച്ച് ഉത്തരവായിട്ടുണ്ട്.<br>ഭവന-ഭൂരഹിത വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ മിഷനുകൾ, പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, ശുചിത്വപരിപാലന മിഷനുകൾ, പൊതുസ്ഥാപനങ്ങളുടെ വികസനനവീകരണപദ്ധതികൾ, സർക്കാരിന്റെ വിവിധ പുനരധിവാസപദ്ധതികൾ, സർക്കാർ അംഗീകൃത സാമൂഹ്യ-സേവന-തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ വികസനനവീകരണ പദ്ധതികൾ, പാർശ്വവൽക്കരിക്കപ്പെട്ട സാധു ജനവിഭാഗങ്ങൾക്ക് ഭൂമി, വൈദ്യുതി, കുടിവെള്ളം മുതലായ അടിസ്ഥാന വിഭവങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ, അന്യം നിന്നുപോകാൻ സാധ്യതയുള്ള കലാ-സാംസ്കാരിക-പൈതൃക വിഭവങ്ങളുടെ സംരക്ഷണ പദ്ധതികൾ മുതലായവയ്ക്ക് ഈ ഫണ്ട് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) ഈ ഫണ്ടിലേക്ക് ഏതെല്ലാം തരത്തിലാണ് തുക സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; ഫണ്ടിൽ നിന്നുള്ള | സന്നദ്ധസംഘടനകൾ,സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നും ഉദാരമായ സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖേന ഫണ്ട് സമാഹരണം |

| | |
|---|---|
| ധനസഹായം അനുവദിച്ചുനൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | നടത്തുന്നതാണ്.<br>പത്തു കോടി രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം ചീഫ് സെക്രട്ടറിക്കും, പത്ത് കോടി രൂപയ്ക്ക് മുകളിലുള്ള ധനസഹായം അനുവദിയ്ക്കുന്നതിനുമുള്ള അധികാരം മുഖ്യമന്ത്രിക്കുമായിരിക്കും. |
| സി) നാളിതുവരെ ഫണ്ടിലേക്ക് എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; എവിടെനിന്നെല്ലാമാണ് തുക സമാഹരിച്ചിട്ടുള്ളത്; തുകയെന്തെങ്കിലും ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | നവകേരളനിധിയ്ക്കുവേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യുടെ തിരുവനന്തപുരം മുഖ്യശാഖയിൽ ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് 05.06.2018 വരെ 3,00,00,000/- രൂപ(മൂന്ന് കോടി രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.<br>ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നാണ് ഈ തുക ലഭ്യമായിട്ടുള്ളത്.<br>നാളിതുവരെ നവകേരളനിധിയിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**